ടെക്നോപാർക്ക് മൂന്നാംഘട്ടം

Mc Fadyen Consulting

Thoughi Line

HCL Infosystems

ടെക്നോപാർക്ക് കൊല്ലം

Revenue Med

Aptara Learning

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി.പി.എൽ. പട്ടികയിലുള്ള വർദ്ധനമൂലം റേഷൻ സാധനങ്ങളുടെ വിതരണത്തിൽ ഉണ്ടാകുന്ന മാറ്റം

30 (*330) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ബി. പി. എൽ. പട്ടികയ്ക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് റേഷൻ കാർഡുകളിൽ ആവശ്യമായിവരുന്ന ക്രമീകരണങ്ങളെക്കുറിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) നിലവിലെ റേഷൻ കാർഡുകൾ ഏതുവർഷം അംഗീകരിച്ച ബി.പി.എൽ. പട്ടിക പ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ബി.പി.എൽ. പട്ടികയിലുണ്ടായ വർദ്ധന റേഷൻ സാധനങ്ങളുടെ വിതരണത്തിലും അവയുടെ അളവിലും ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) നിലവിലുള്ള എ.പി.എൽ., ബി.പി.എൽ. കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് പുതിയ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) 1997-ൽ അംഗീകരിച്ച ബി.പി.എൽ. പട്ടിക പ്രകാരമാണ് നിലവിലുള്ള റേഷൻ കാർഡുകളെ ബി.പി.എൽ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രകാരം പട്ടികയിലെ ഗുണഭോക്താക്കളുടെ എണ്ണവും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന റേഷൻ വിഹിതവും കണക്കിലെടുത്ത്, റേഷൻ വിതരണത്തിലും അളവിലും മാറ്റം വരുത്തേണ്ട തുണ്ടോയെന്നകാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(ഡി) നിലവിലുള്ള എ.പി.എൽ./ബി.പി.എൽ./എ.എ.വൈ. കാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എ.പി.എൽ.	ബി.പി.എൽ	എ.എ.വൈ.	ആകെ
തിരുവനന്തപുരം	575563	162892	65116	803571
കൊല്ലം	430744	155523	52025	638292
പത്തനംതിട്ട	222691	58800	26780	308271
കോട്ടയം	314705	98764	35366	448835
ഇടുക്കി	165549	60632	31511	257692
ആലപ്പുഴ	335628	134349	43291	533262
എറണാകുളം	576727	102639	39641	719007
തൃശ്ശൂർ	518417	157951	56858	733226
പാലക്കാട്	443955	94392	47528	585875
മലപ്പുറം	504920	143785	54928	703633
കോഴിക്കോട്	451189	128529	42618	622334
കണ്ണൂർ	385031	90751	35928	511710
വയനാട്	127707	23430	40046	191183
കാസർഗോഡ്	156679	47690	20993	225362
ആകെ	5229505	1460127	592627	7282259

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ പരിഷ്കാരങ്ങൾ

1 (2448) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly.